**ശുചിത്വമിഷൻ**
**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

07.04.2026

## പത്രക്കുറിപ്പ്

### നിയമസഭാ തിരഞ്ഞെടുപ്പ് 2026: കേരളം ഹരിതചട്ടം പാലിച്ചുകൊണ്ട് പോളിങ് ബൂത്തിലേക്ക്

കേരളം പോളിങ് ബൂത്തിലേക്ക് എത്തിച്ചേരാൻ ഒരു ദിവസം മാത്രം അവശേഷിക്കെ പോളിങ്ങിൽ ഹരിത ചട്ടം (Green Protocol) കർശനമായി പാലിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ വിപുലമായ തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു.

പോളിംഗ് ബൂത്തുകളിലും വിതരണ-സ്വീകരണ കേന്ദ്രങ്ങളിലുമുള്ള എല്ലാ പ്രവർത്തനങ്ങളിലും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ പൂർണമായും ഒഴിവാക്കും. പ്ലാസ്റ്റിക്, തെർമോകോൾ ഉപകരണങ്ങൾ ഒഴിവാക്കി സ്റ്റീൽപാത്രങ്ങളും ഗ്ലാസുകളുമാണ് പൊതുവിൽ ബൂത്തുകളിൽ ഉപയോഗിക്കുന്നത്. ഇതിന് കുടുംബശ്രീ യൂണിറ്റുകളുടെ സഹായം വിവിധ ജില്ലകളിൽ നല്കുന്നുണ്ട്.  പൊതുവായ കുടിവെള്ള വിതരണ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

വോട്ടെടുപ്പിന്റെ ഭാഗമായുണ്ടാകുന്ന മാലിന്യസംസ്കരണത്തിനും പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ഓരോ ബൂത്തിലും മാലിന്യം വേർതിരിച്ച് ശേഖരിക്കുന്നതിന് ബിന്നുകൾ സ്ഥാപിക്കുകയും ഹരിതകർമസേനയുടെ സേവനം ഉപയോഗപ്പെടുത്തി ശാസ്ത്രീയസംസ്കരണം ഉറപ്പാക്കുകയും ചെയ്യും. മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ നിർദേശമനുസരിച്ച് ശുചിത്വ മിഷന്റെയും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെയും ആഭിമുഖ്യത്തിൽ പോളിംഗ് കേന്ദ്രങ്ങളിലും പരിസരങ്ങളിലും ശുചിത്വം ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

എല്ലാ ജില്ലകളിലും  ഹരിതചട്ടം പാലിക്കുന്നതിനും എല്ലാവരും  വോട്ടവകാശം ഉപയോഗിക്കുന്നതിനും തനതായ വിവര-വിജ്ഞാന പ്രവർത്തനങ്ങളും നടന്നുവരുന്നു. കഴിഞ്ഞ മൂന്നാഴ്ച്ചയായി വിവിധ ജില്ലകളിൽ ഹരിതചട്ടപാലനത്തിനായി 'ഗ്രീൻ ബട്ടൺ' എന്ന ക്യാംപയിനും നടത്തി.

പോളിങ്ങുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ "വാർഡ്രോബിൽ ഐഡൽ, പോളിങ് ബൂത്തിൽ വൈറൽ" എന്ന ആശയത്തോടെ പഴയ വസ്ത്രങ്ങൾ ഉപയോഗിച്ച് "ഗ്രീൻ മൊബൈൽ കീപ്പിങ് പൗച്ചുകൾ" നിർമ്മിക്കുന്ന നവീന പദ്ധതി നടപ്പാക്കുന്നു. കുടുംബശ്രീ യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന ഈ പൗച്ചുകൾ, മൊബൈൽ ഫോൺ ഉപയോഗ നിരോധന മേഖലയായ പോളിംഗ് ബൂത്തുകളിലേക്ക് എത്തുന്ന വോട്ടർമാർക്ക് മൊബൈൽ ഫോണുകൾ സുരക്ഷിതമായി സൂക്ഷിക്കാൻ സഹായകരമാകും. തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽനിന്നുള്ള

പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗിച്ച് തയ്യാറാക്കിയ 'ഇലക്ഷൻ സുവനീർ', പോളിഎത്തിലിൻ ബാനറുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച ചെടിച്ചട്ടികൾ തുടങ്ങിയവയും ജില്ലയിൽ ശ്രദ്ധേയമായി.

വയനാട് ജില്ലയിൽ പരിസ്ഥിതിസൗഹൃദ സന്ദേശം ശക്തിപ്പെടുത്തുന്നതിനായി കോറത്തുണി ബാനറുകൾ ഉപയോഗിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി. പാലക്കാട് ജില്ലയിൽ 'ഹരിത ബട്ടൺ' ക്യാമ്പയിൻ ബോധവത്കരണത്തിന്റെ ഭാഗമായി കാളവണ്ടി റാലിയും സംഘടിപ്പിച്ചു. തിരുവനന്തപുരം ജില്ലയിൽ ഹരിതചട്ടം പാലിച്ചുകൊണ്ടുള്ള തിരഞ്ഞെടുപ്പ് ഉറപ്പിക്കനായി എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു. കളക്ടറുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകൾ ഹരിതചട്ടം പാലിക്കുന്നത് നിരീക്ഷിക്കും.

എല്ലാ ജില്ലകളിലും ബൂത്തുകൾ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ വിവിധ ജില്ലകളിൽ മാതൃകാ ഹരിത ബൂത്തുകളും പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്. കണ്ണൂരിൽ സവിശേഷ തീമിനെ അടിസ്ഥാനമാക്കിയുള്ള ഹരിത ബൂത്തുകളാണ് ഒരുങ്ങുന്നത്. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഗ്രീൻ കഫേകളും വിവിധ ജില്ലകളിൽ പ്രവർത്തിക്കും. കോഴിക്കോട്, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ വിതരണ കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പരിശോധനകൾ നടത്തും. മറ്റു ജില്ലകളിലും പരിശോധനകൾക്കുള്ള സ്ക്വാഡുകൾക്ക് രൂപം നല്കിയിട്ടുണ്ട്.

പ്രിന്റിങ് വസ്തുക്കളുടെ വിതരണ കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രത്യേക പരിശോധനകൾ തുടരുന്നു. അതിന്റെ ഭാഗമായി സംസ്ഥാനമാകെ 5374 ഹരിത ചട്ട ലംഘന പരിശോധനകളിലായി 835350/- രൂപ പിഴ ചുമത്തിയിട്ടുണ്ട്.

തിരഞ്ഞെടുപ്പ് ശാസ്ത്രീയ മാലിന്യപരിപാലനവും പരിസ്ഥിതിസംരക്ഷണവും ജനപങ്കാളിത്തവും ഏകോപിപ്പിക്കുന്ന ഒരു മാതൃകയാക്കുകയാണ് ലക്ഷ്യമെന്നും അതിനായി എല്ലാ വോട്ടർമാരും രാഷ്ട്രീയപ്പാർട്ടി പ്രവർത്തകരും സഹകരിക്കണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ബിനു ഫ്രാൻസിസ് അഭ്യർത്ഥിച്ചു.

റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം - 695033
ഫോൺ : 0471- 2312730, 2319831, ഇ-മെയിൽ : sanitationkerala@gmail.com